# ചിത്രാഞ്ജലി സ്റ്റുഡിയോ
# (ഒരു കെ.എസ്.എഫ്.ഡി.സി. യൂണിററ്)
# തിരുവല്ലം, തിരുവനന്തപുരം
## ഫോൺ: 04712381451, 2381452,281450

**e-mail:chitranjalistudio@yahoo.com**
**Website:www.ksfdc.in**


നം: 122/സി.എസ്/ക്ളീൻ/2017 29/07/2017

## ക്ളീനിംഗ്-ഹൗസ്കീപ്പിംഗ് റീ ടെണ്ടർ നോട്ടീസ്

ചിത്രാഞ്ജലി സ്റ്റുഡിയോയിലെ എഫ്.ററി.ഐ.കെ. കെട്ടിടം, അപ്പാർട്ടമെന്റ് ബ്ളോക്കിലെ (ഏ.സി റൂമുകൾ നോൺ ഏ.സി റൂമുകൾ. ഡോർമിറററികൾ ഇടനാഴികൾ, ടോയ്ലററുകൾ, മേക്കപ്പ് റൂം എന്നിവയുടെ) ക്ളീനിംഗ് ജോലികൾ സ്റ്റുഡിയോയിലെ മററ് ടോയ്ലററുകളുടെ ക്ളീനിംഗ്-സ്വീപ്പിംഗ് എന്നിവ ഒരു വർഷത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ ഏറെറടുത്ത് നടത്താൻ ഈ രംഗത്ത് പരിചയമുള്ള ഏജൻസികളിൽ നിന്നും മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു.

ചിത്രാഞ്ജലി സ്റ്റുഡിയോയിൽ മൊത്തം 54 ടോയ്ലററുകളും അനുബന്ധ യൂറിനലുകളും വാഷ് ബേയ്സിനുകളും ഉണ്ട്.

കരാറുകാരൻ ചെയ്യേണ്ട ജോലികൾ

1) സ്റ്റുഡിയോയിലെ അപ്പാർട്ടമെന്റ് ബ്ളോക്കിലെ ഷൂട്ടിംഗ് ഫ്ളോറിന് മുൻവശം, കോറിഡോർ, എല്ലാ റൂമുകളും, രണ്ട് ഡോർമിറററികൾ, സ്റ്റെയർകെയ്സുകൾ , ഓഫീസ് റൂം, റെക്കോർഡിംഗ് തിയേററർ-3 ലെ മുറികളെല്ലാം പുറകുവശത്തുള്ള വഴി, പാർക്കിംഗ് ഏരിയ, ക്യാന്റീൻ മുൻ വശവും പരിസരവും, മുൻവശത്തെ റോഡ്, ബി.എസ്.എൻ.എൽ ടവർ പരിസരം, 2 ഷെഡ്ഡുകളും പരിസരവും ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ പരിസരം, എഫ്.ററി.ഐ.കെ.ലേക്കുള്ള റോഡ് കെട്ടിടവും പരിസരവും എന്നിവിടങ്ങളിലെ ചപ്പുചവറുകൾ, മാലിന്യങ്ങൾ എന്നും രാവിലെയും വൈകിട്ടും തൂത്തു വൃത്തിയാക്കുകയും മേൽത്തരം ക്ളീനിംഗ് സാമഗ്രികൾ ഉപയോഗിച്ച് തുടച്ച് വൃത്തിയാക്കുകയും ചെയ്യണം.

2) ആഴ്ചയിൽ രണ്ടു തവണ വാക്വം ക്ളീനർ, മററ് യന്ത്ര സാമഗ്രികൾ എന്നിവ ഉപയോഗിച്ച് എല്ലാ റൂമുകളും, ഡോർമിറററികളും, ലോബിയും, കോറിഡോറും, സ്റ്റെയർകെയ്സുകളും വൃത്തിയാക്കണം.

3) സ്റ്റുഡിയോയിലെ ടോയ്‌ലററുകൾ, യൂറിനലുകൾ, വാഷ് ബേയ്സിനുകൾ എന്നിവ മേൽത്തരം ക്ളീനിംഗ് സാമഗ്രികൾ ഉപയോഗിച്ച് രാവിലെ 8നും ഉച്ചയ്ക്ക് 2നും വൈകിട്ട് 4 നും വൃത്തിയാക്കുക. എല്ലാ ടോയ്‌ലററുകളിലും സദാസമയവും ക്ളീനിംഗ് ഉറപ്പു വരുത്താൻ വേണ്ട ജോലിക്കാരെ ലഭ്യമാക്കണം. തുടർച്ചയായ ക്ളീനിംഗ് ടോയ്‌ലററുകളിൽ ഉറപ്പു വരുത്തണം. ഒരു സമയത്തും ടോയ്‌ലററുകളിൽ നിന്നും ദുർഗന്ധം ഉണ്ടാവില്ലെന്നുറപ്പാക്കണം. ക്ളീനിംഗ് സാമഗ്രികളുടെ ഗുണമേന്മ സ്റ്റോർ ഇൻ ചാർജ് അംഗീകരിച്ചതിനു ശേഷമേ അവ ഉപയോഗിക്കാൻ പാടുള്ളു.

4) എഫ്.ററി.ഐ.**കെ**, അപ്പാർട്ടമെന്റ് ബ്ളോക്കിലെ എല്ലാ സ്ഥലങ്ങളിലെയും മാറാല അപ്പപ്പോൾ നീക്കം ചെയ്യേണ്ടതാണ്.

5) എഫ്.ററി.ഐ.കെ, അപ്പാർട്ടമെന്റ് ബ്ളോക്ക് എന്നിവിടങ്ങളിലെ എല്ലാ ഗ്ളാസ്സുകളും "കോളിൻ" എന്ന ഗ്ളാസ് ക്ളീനിംഗ് സാമഗ്രി ഉപയോഗിച്ച് ദിവസത്തിൽ ഒരു തവണയെങ്കിലും വൃത്തിയാക്കിയിരിക്കണം.

6) ഓരോ മാസവും പെസ്റ്റ് കൺട്രോൾ രീതി അവലംബിച്ച് പ്രാണികൾ, കീടങ്ങൾ, എലികൾ എന്നിവയുടെ ശല്യങ്ങളിൽ നിന്നും എഫ്.ററി.ഐ.കെ. കെട്ടിടത്തിനും അപ്പാർട്ട്മെന്റ് ബ്ളോക്കിനും , എല്ലാ ടോയ്‌ലററുകൾക്കും സുരക്ഷ നല്കേണ്ടതാണ്..

7) രണ്ടാഴ്ചയിലൊരിക്കൽ അണുനാശിനികൾ തളിച്ച് എഫ്.ററി.ഐ.കെ ബ്ളോക്ക്, അപ്പാർട്ട്മെന്റ് ബ്ളോക്കും പരിസരവും, സ്റ്റുഡിയോയിലെ എല്ലാ ടോയ്‌ലററുകളും അണുവിമുക്തമാക്കണം.

8) എഫ്.ററി.ഐ.കെ ബ്ളോക്ക്, അപ്പാർട്ടമെന്റ് ബ്ളോക്ക് എന്നിവിടങ്ങളിലെ സൺഷെയ്ഡുകളിൽ നിന്ന് ചപ്പു ചവറുകൾ ആഴ്ചയിലൊരിക്കൽ എടുത്തു മാററി വൃത്തിയാക്കണം.

9) കരാർ പ്രകാരമുള്ള സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന ചവറുകളും മാലിന്യങ്ങളും തരം തിരിച്ച് (പ്ളാസ്റ്റിക്, ജൈവ മാലിന്യങ്ങൾ) മൂടിയുള്ള കണ്ടനയിനറുകളിൽ ശേഖരിച്ച് അപ്പപ്പോൾ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതും ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണ്.

10) എഫ്.ററി.ഐ.കെ ബ്ളോക്ക്, അപ്പാർട്ടമെന്റ് ബ്ളോക്ക് എന്നിവിടങ്ങളിലെ റൂമുകളിൽ ഉപയോഗിക്കുന്ന ഫർണിച്ചറുകൾ, കണ്ണാടികൾ, എല്ലാ ടോയ്‌ലററുകളി ലേയും കപ്പ്, ബക്കററ്, ടാപ്പുകൾ, ഭിത്തിയിൽ പതിച്ചിരിക്കുന്ന ടൈലുകൾ ദിവസവും കഴുകി തുടച്ച് വൃത്തിയാക്കണം. റൂമുകളിൽ തുടർച്ചയായി റൂം

ഫ്രെഷ്നർ ഉപയോഗിക്കേണ്ടതും, വാഷ് ബെയിസിനുകൾ, യൂറിനലുകൾ എന്നിവയിൽ നാഫ്തലിൻ ഗുളികകൾ തുടർച്ചയായി നിക്ഷേപിക്കേണ്ടതുമാണ്.

11) കരാർ പ്രകാരമുള്ള സ്ഥലങ്ങളിലെ ക്ളീനിംഗ് ജോലികൾ രാവിലെ 8 മണിക്ക് തുടങ്ങേണ്ടതും തുടർച്ചയായി നടത്തേണ്ടതുമാണ്. ഷൂട്ടിംഗ് ഉള്ളപ്പോൾ രാവിലെ 6 മണിക്ക് തന്നെ തുടങ്ങേണ്ടതാണ്. ഷൂട്ടിംഗ് ഫ്ളോറുകളിൽ സെററ് വർക്കുകൾ, ഷൂട്ടിംഗ് മുതലായവ നടക്കുമ്പോൾ വർക്കുകൾ കഴിഞ്ഞതിനു ശേഷവും അനുബന്ധ ടോയ്ലററുകൾ, ഭക്ഷണം കഴിക്കുന്ന സ്ഥലം എന്നിവ വൃത്തിയാക്കേണ്ടതാണ്. കോമൺ ടോയ്ലററുകളിൽ ക്ളീനിംഗ് ജോലികൾ ഓരോ മണിക്കൂർ ഇടവിട്ടും ഷൂട്ടിംഗ് തീരുന്നതു വരെയും തുടർച്ചയായും നടത്തേണ്ടതുമാണ്. <u>ക്ളീനിംഗ് ജോലികൾക്ക് കുറഞ്ഞത് 8 മണിക്കൂർ ജോലി ചെയ്യുന്ന 3 തൊഴിലാളികളുടെ സേവനം ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ എഫ്.ററി.ഐ.കെ ബ്ളോക്ക്, അപ്പാർട്ടമെന്റ് ബ്ളോക്ക് എന്നിവിടങ്ങളിലെ ക്ളീനിംഗ്, റൂം സർവ്വീസ് എന്നിവയ്ക്കായി 12 മണിക്കൂർ വീതം രണ്ട് തൊഴിലാളികളുടെ സേവനം ലഭ്യമാക്കേണ്ടതാണ്</u>.

12) എഫ്.ററി.ഐ.കെ ബ്ളോക്ക്, അപ്പാർട്ടമെന്റ് ബ്ളോക്ക് എന്നിവിടങ്ങളിലെ റൂമുകളിലെ കിടക്കവിരികൾ, തലയിണ ഉറകൾ എന്നിവ ദിവസവും മാറേറണ്ടതും റൂം സർവ്വീസ് 24 മണിക്കൂറും തുടരേണ്ടതുമാണ്. റൂമിൽ താമസിക്കുന്നവർക്ക് യാതൊരു വിധ അസൗകര്യങ്ങളും ഉണ്ടാകാൻ പാടുള്ളതല്ല.

13) എഫ്.ററി.ഐ.കെ ബ്ളോക്ക്, അപ്പാർട്ടമെന്റ് ബ്ളോക്ക് എന്നിവിടങ്ങളിൽ നിന്നോ, സ്റ്റുഡിയോ കോമ്പൗണ്ടിൽ നിന്നോ കളഞ്ഞു കിട്ടുന്ന വസ്തുവകകൾ അപ്പോൾ തന്നെ ഫ്ളോർ ഇൻ ചാർജിനെയോ/സ്റ്റുഡിയോ ഓഫീസിൽ എ.എ.ഒ. ഇൻ ചാർജിനെയോ ഏല്പിക്കേണ്ടതാണ്. ആയത് യഥാർത്ഥ ഉടമസ്ഥന് നൽകുന്നതിന് മാനേജ്മെന്റിനെ സഹായിക്കേണ്ടതുമാണ്.

14) ക്ളീനിംഗിനാവശ്യമായ മെററീരിയലുകൾ, യന്ത്ര സംവിധാനങ്ങൾ എന്നിവ കരാർ എടുക്കുന്ന ഏജൻസി തന്നെ സ്വന്തം നിലയിൽ വാങ്ങി ഉപയോഗിക്കേണ്ടതാണ്. ഏററവും ഗുണമേന്മയുള്ള മെററീരിയലുകൾ ഉപയോഗിച്ച് ക്ളീനിംഗ് നടത്തേണ്ടതാണ്.

<u>വ്യവസ്ഥകൾ</u>

1) ടെണ്ടറുകൾ സമർപ്പിക്കുന്നതിനു മുമ്പ് സ്റ്റുഡിയോ സന്ദർശിച്ച് ജോലികളുടെ അളവും സ്വഭാവവും കരാറുകാരൻ മനസ്സിലാക്കേണ്ടതാണ്.

2) ഈ രംഗത്ത് **<u>രണ്ട്</u>** വർഷത്തിൽ കുറയാത്ത സേവന പരിചയം ഉള്ളവർ മാത്രം

ടെണ്ടർ സമർപ്പിച്ചാൽ മതിയാകുന്നതാണ്. ടെണ്ടറിനോടൊപ്പം പ്രവർത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കററുകൾ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ ഫോറ ത്തിന്റെ വില, നിരതദ്രവ്യം എന്നിവ ഇല്ലാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

3) **<u>പങ്കെടുക്കുന്ന ഏജൻസികളുടെ ടെണ്ടർ രണ്ട് കവറുകൾ ഉൾപ്പെട്ടതായിരിക്കണം. കവർ ഒന്നിൽ ഏജൻസിയുടെ യോഗ്യതകളും കവർ രണ്ടിൽ ഓഫർ ചെയ്യുന്ന തുകയു മായിരിക്കണം. ടി കവറുകളുടെ മുകളിൽ മേൽ വിലാസം "കവർ ഒന്ന് (ടെക്നിക്കൽ ബിഡ്)", "കവർ രണ്ട് (ഫാനാൻഷ്യൽ ബിഡ്)" എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരി ക്കണം. കവർ ഒന്ന് തുറന്ന് പരിശോധിച്ച് തൃപ്തികരമെങ്കിൽ മാത്രമെ കവർ രണ്ട് തുറന്ന് പരിശോധിക്കുകയുള്ളൂ. പ്രീ ക്വാളിഫിക്കേഷൻ വെയിറേറജും ടെണ്ടർ തുക യുടെ വെയിറേറജുകളും ചേർത്തു വെച്ചാവും ടെണ്ടറുകൾ വിലയിരുത്തി തീരുമാനം എടുക്കുക.</u>**

4) <u>പ്രീ ക്വാളിഫിക്കേഷൻ നിബന്ധനകൾ</u> :

*(എ) കുറഞ്ഞത് 2 വർഷം മാളുകൾ, മൾട്ടി ഫ്ളക്സുകൾ, വാണിജ്യസമുച്ചയങ്ങൾ തുടങ്ങിയ വയിൽ ക്ളീനിംഗ് സേവനം നല്കിയിരിക്കണം.

*(ബി) ഇപ്പോൾ കുറഞ്ഞത് 2 സമാന സ്ഥാപപനങ്ങളിലെങ്കിലും ക്ളീനിംഗ് സേവനം നല്കി കൊണ്ടിരിക്കുന്നവരുമാകണം.

5) **<u>ടെണ്ടറിൽ പങ്കെടുക്കുന്ന ഏജൻസി സർക്കാർ നിഷ്ക്കർഷിച്ചിട്ടുള്ള കൂലി വ്യവസ്ഥ അംഗീകരിക്കേണ്ടതാണ് അതോടൊപ്പം ടെണ്ടറിൽ പങ്കെടുക്കുന്ന ഏജൻസിക്ക് ജി.എസ്.ററി, പാൻ കാർഡ്, ഇ.എസ്.ഐ.സി, ഇ.പി.എഫ്, ലേബർ ഓഫീസ് രജിസ്ട്രേ ഷൻ നിർബന്ധമായും ഉണ്ടായിരിക്കണം. ജീവനക്കാരുടെ ഇ.പി.എഫ്, ഇ.എസ്. ഐ.സി, ലേബർ ഓഫീസ് രജിസ്ട്രേഷൻ ലിസ്റ്റും ടെണ്ടറി നൊപ്പം ഹാജരാക്കേണ്ടതാ ണ്.</u>**

6) കെ.എസ്.എഫ്.ഡി.സി. യുടെ വിവിധ യൂണിററുകളിൽ കരാർ കാലാവധിക്ക് ഉള്ളിൽ തൃപ്തികരമായ സേവനം നല്കാത്തതിനാൽ സേവനം അവസാനിപ്പിച്ച ഏജൻ സികളുടെ ടെണ്ടർ പരിഗണിക്കുന്നതല്ല.

7) കരാർ ലഭിക്കുന്ന ഏജൻസികൾ നിയോഗിക്കുന്ന തൊഴിലാളികളുടെ തൊഴിൽപരമായ പൂർണ്ണ ഉത്തരവാദിത്വം കരാർ ഏജൻസിക്ക് മാത്രമായിരിക്കും. തൊഴിലാളികളും മാനേജ്മെന്റുമായി യാതൊരുവിധ തൊഴിലാളി-തൊഴിലുടമ ബന്ധവും ഉണ്ടായിരിക്കുന്ന തല്ല. തൊഴിലാളികൾക്ക് യൂണിഫോമും ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡും ഏജൻസി നൽകേണ്ടതും തൊഴിലാളികൾ അവ ധരിച്ച് തൊഴിൽ ചെയ്യുന്നു എന്നുറപ്പി ക്കേണ്ടതുമാണ്.

8) ക്ളീനിംഗ് കാര്യങ്ങളിൽ സ്റ്റുഡിയോ മാനേജരോ മററു ചുമതലക്കാരോ അപ്പപ്പോൾ നൽകുന്ന നിർദ്ദേശങ്ങൾ തൊഴിലാളികൾ അനുസരിക്കേണ്ടതാണ്. ഷൂട്ടിംഗ് ഫ്ളോറിൽ വരുന്ന സിനിമ-സീരിയൽ പ്രൊഡക്ഷനുമായി ബന്ധപ്പെട്ടവ
രുമായി അങ്ങേയററം സൗഹൃദപരമായി തൊഴിലാളികൾ പെരുമാറണം. സ്റ്റുഡിയോ യുടെ സൽപ്പേരിനു കളങ്കം വരുത്തുന്ന രീതിയിലും തൃപ്തികരമല്ലാതെയും പ്രവർത്തിക്കുന്ന ക്ളീനിംഗ് തൊഴിലാളികളെ ജോലിയിൽ നിന്ന് മാററി നിറുത്തുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

9) മേൽ പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി ക്ളീനിംഗ്-ഹൗസ്കീപ്പിംഗ് ജോലികൾ കരാർ അടിസ്ഥാനത്തിൽ ഏറെറടുത്ത് നടത്തുന്നതിന് പ്രതിമാസം നൽകേണ്ട നികുതി അടക്കമുള്ള പരമാവധി തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്. ടെണ്ടർ ഡോക്യുമെന്റിന്റെ എല്ലാ പേജിലും ടെണ്ടറർ ഒപ്പിട്ട് മുദ്ര വെച്ച് വേണം സമർപ്പിക്കേണ്ടത്.

10) ക്ളീനിംഗിനുള്ള ആധുനിക യന്ത്ര സംവിധാനങ്ങൾ ഉണ്ടായിരിക്കണം.

11) നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ ടെണ്ടറുകൾ മുദ്ര വെച്ച് **10/08/2017** ന് ഉച്ചയ്ക്ക് **02** മണിക്ക് മുമ്പായി സ്റ്റുഡിയോ മാനേജർ, ചിത്രാഞ്ജലി സ്റ്റുഡിയോ, തിരുവല്ലം, തിരുവനന്തപുരം-27 എന്ന മേൽ വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. കവറിന് മുകളിൽ **"ക്ളീനിംഗ്-ഹൗസ്കീപ്പിംഗ് ടെണ്ടർ"** എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ടെണ്ടറിൽ പങ്കെടുക്കാൻ 10,000/- രൂപ (പതിനായിരം രൂപ) നിരത ദ്രവ്യം സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ (കെ.എസ്.എഫ്.ഡി.സി. ലിമിററഡ്) പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്ററായി സമർപ്പിക്കേണ്ടതാണ്.

12) കരാർ ലഭിക്കുന്ന ഏജൻസിയുടെ നിരതദ്രവ്യം സെക്യൂരിററി ഡെപ്പോസിററായി കണക്കാക്കുന്നതാണ്.

13) ടെണ്ടറുകൾ **10/08/2017** ന് വൈകിട്ട് **03** മണിക്ക് (**3 പി.എം**) ഹാജരുള്ള ടെണ്ടറു കാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.

14) കരാർ ലഭിക്കുന്ന ഏജൻസിയുടെ നിരതദ്രവ്യം സെക്യൂരിററി ഡെപ്പോസിററായി കണക്കാക്കുന്നതാണ്. ഈ തുക കരാർ കാലാവധി തൃപ്തികരമായി പൂർത്തീ യാക്കിയതിനു ശേഷം സ്റ്റുഡിയോയ്ക്ക് ലഭിക്കാനുള്ള തുകയുണ്ടെങ്കിൽ തട്ടികിഴിച്ച് ബാക്കി പലിശരഹിതമായി തിരികെ നല്കുന്നതാണ്.

15) ടെണ്ടർ ഫോമിന്റെ വില 500/- ആണ്. ഓഫീസിൽ നിന്നും വെബ് സൈററിൽ നിന്നും ഫോം ലഭിക്കുന്നതാണ്.

16) കരാർ ലഭിക്കുന്ന ഏജൻസി 200/– രൂപ മുദ്ര പത്രത്തിൽ സ്റ്റുഡിയോ മാനേജരുമായി വിശദമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച കരാർ ഒപ്പു വെയ്ക്കേണ്ടതും നിശ്ചിത തീയതി മുതൽ ക്ളീനിംഗ് ജോലികൾ ആരംഭിക്കേണ്ടതുമാണ്.

17) കാലാവധി കരാർ തീയതി മുതൽ ഒരു വർഷത്തേയ്ക്കായിരിക്കും. പ്രവർത്തനം തൃപ്തി കരമായാൽ കരാർ നീട്ടി നല്കുന്നതായിരിക്കും. ഇക്കാലയളവിൽ ഏജൻസിയുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കണ്ടാൽ ഒരു മാസം മുമ്പ് നോട്ടീസ് നൽകി സേവനം അവസാനിപ്പിക്കുന്നതാണ്. എന്നാൽ അടിയന്തിര സാഹചര്യത്തിൽ നോട്ടീസ് ഒരാഴ്ചയായി ചുരുക്കാൻ മാനേജ്മെന്റിന് അധികാരമുണ്ടായിരിക്കുന്നതു മാണ്. ഒരു മാസം മുമ്പ് നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കാൻ ഏജൻസിയ്ക്കും അവകാശമുണ്ടായിരിക്കും.

18) ക്ളീനിംഗ്–ഹൗസ്കീപ്പിംഗ് ജോലികൾ തൃപ്തികരമായി ചെയതുവെന്ന് ഉറപ്പാക്കിയ ശേഷം ഓരോ മാസത്തേയും കരാർ തുക അടുത്ത മാസം പത്താം തീയതിയോടെ ഓഫീസിൽ നിന്നും നൽകുന്നതാണ്.

19) ഏതൊരു ടെണ്ടറും കാരണമൊന്നും കാണിക്കാതെ നിരസിക്കുന്നതിന് സ്റ്റുഡിയോ മാനേജർക്ക് അധികാരമുണ്ടായിരിക്കും.

20) ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകാവുന്ന തർക്കങ്ങളിൽ സ്റ്റുഡിയോ മാനേജരുടെ തീരു മാനം അന്തിമായിരിക്കുന്നതാണ്.

21) ഉപയോഗിക്കുന്ന ക്ളീനിംഗ് സാമഗ്രികൾ, യന്ത്ര സാമഗ്രികൾ, ഉപകരണങ്ങൾ എന്നിവ സംബന്ധിച്ച് സമ്പൂർണ്ണ വിവരണം ടെണ്ടറിനോടൊപ്പം സമർപ്പിക്കണം.

22) <u>ചെക്ക് ലിസ്റ്റ്</u>

കവർ ഒന്ന് (ടെക്നിക്കൽ ബിഡ്)

1) യോഗ്യത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ. ഇപ്പോൾ സേവനം നല്കി കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾ.
2) ക്ളീനിംഗ് സേവനത്തിനുള്ള (അധികാരികളിൽ നിന്ന്) രജി സ്ട്രേഷന്റെ പകർപ്പ്.
3) ഇ.എസ്.ഐ.സി, പി.എഫ്, രജിസ്ട്രേഷൻ പകർപ്പുകൾ, അവസാന മാസം ഇ.എസ്.ഐ.സി,, പി.എഫ് വിഹിതം അടച്ചതിന്റെ രേഖ കളും.
4) പേ റോളിലുള്ള ജീവനക്കാരുടെ പട്ടിക.
5) പാൻകാർഡ്, ജി.എസ്.ററി, രജിസ്ട്രേഷൻ എന്നിവയുടെ പകർപ്പ്.
6) ടെണ്ടർ ഫോറത്തിന്റെ വിലയുടെ രസീത്/ഡി.ഡി.
7) നിരതദ്രവ്യം അടച്ചതിന്റെ രസീത്/ഡി.ഡി.

കവർ രണ്ട് – ടെണ്ടർ ഫോറം (ഓഫർ ചെയ്യുന്ന തുക)

<u>പ്രത്യേക നിബന്ധനകൾ</u>

1) മാലിന്യങ്ങൾ, അവശിഷ്ടങ്ങൾ എന്നിവ യഥാസമയം ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യാൻ ഉള്ള കാര്യക്ഷമമായ മാർഗ്ഗങ്ങൾ ഉപയോഗിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. മാലിന്യ-അവശിഷ്ട നിർമ്മാർജ്ജനത്തിനുള്ള രീതികൾ കരാറുകാരൻ സമർപ്പിക്കണം.

2) ഉപയോഗിക്കുന്ന ക്ളീനിംഗ് സാമഗ്രികൾ, യന്ത്ര സാമഗ്രികൾ എന്നിവ സംബന്ധിച്ച് സമ്പൂർണ്ണ വിവരണം ടെണ്ടറിനോടൊപ്പം സമർപ്പിക്കണം.

ഒപ്പ്:
**സ്റ്റുഡിയോ മാനേജർ i/c.**

## ചിത്രാഞ്ജലി സ്റ്റുഡിയോ, തിരുവല്ലം
## ഫോൺ: 2381450, 2381451, 2391452

നം:122/സി.എസ്/ക്ളീനിംഗ്/2017 29/07/2017

**ടെണ്ടർ ഷെഡ്യൂൾ**

| | | | |
|---|---|---|---|
| 1) | ടെണ്ടർ ക്ഷണിയ്ക്കുന്നത് | : | ചിത്രാഞ്ജലി സ്റ്റുഡിയോയിലെ ടോയിലററുകളുടെ ക്ളീനിംഗ്, എഫ്.ററി.ഐ.കെ, അപ്പാർട്ട്മെന്റ് ബ്ളോക്കിലെ ഹൗസ്കീപ്പിംഗ്-ക്ളീനിംഗ് ജോലികൾ |
| * | | | |
| 2) | ടെണ്ടർ ഫോറത്തിന്റെ വില | : | 500/- രൂപ |
| 3) | നിരതദ്രവ്യം | : | **10,000/- രൂപ** |
| 4) | കരാർ കാലാവധി | : | കരാർ തീയതി മുതൽ ഒരു വർഷക്കാലം |
| 5) | ടെണ്ടർ ഫോം വിൽക്കുന്ന അവസാന തീയതി, സമയം | : | **10/08/2017 ഉച്ചയ്ക്ക് 01 മണി വരെ** |
| 6) | ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാന തീയതി, സമയം | : | **10/08/2017 ഉച്ചയ്ക്ക് 02 മണി വരെ** |
| 7) | ടെണ്ടർ തുറക്കുന്ന തീയതി, സമയം | : | **10/08/2017 ഉച്ചയ്ക്ക് 03 മണി** |
| 8) | ടെണ്ടറുകൾ സമർപ്പിക്കേണ്ട മേൽ വിലാസം | : | **സ്റ്റുഡിയോ മാനേജർ, ചിത്രാഞ്ജലി സ്റ്റുഡിയോ, തിരുവല്ലം, തിരുവനന്തപുരം-27.** |

**ഒപ്പ്**
**സ്റ്റുഡിയോ മാനേജർ i/c.**

ടെണ്ടർ ഫോം വെബ്സൈററായ **www.ksfdc.in** ൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. അത്തരം അവസരത്തിൽ ടെണ്ടർ ഫോറത്തിന്റെ വില കെ.**എസ്**.എഫ്.ഡി.സി.യുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ രസീത് ആയി സമർപ്പിക്കണം.

# ചിത്രാഞ്ജലി സ്റ്റുഡിയോ

**ക്ളീനിംഗ്-ഹൗസ്കീപ്പിംഗ്** **(കവർ രണ്ട്)**

**ടെണ്ടർ ഫോം**

1) ഏജൻസിയുടെ/സ്ഥാപനത്തിന്റെ പൂർണ്ണമായ പേരും മേൽ വിലാസവും :

2) ടെലഫോൺനമ്പർ/മൊബൈൽ നമ്പർ :

3) മുൻപരിചയത്തിന്റെ വിശദാംശം :

4) ഇപ്പോൾ ഹൗസ്കീപ്പിംഗ് ഏറെറടുത്ത് നടത്തുന്ന സ്ഥാപനങ്ങൾ :

5) ടെണ്ടർ ഫോറത്തിന്റെ വില അടച്ചതിന്റെ വിശദാംശം :

6) നിരതദ്രവ്യം അടച്ചതിന്റെ വിശദാംശം :

7)എ) ആവശ്യപ്പെടുന്ന പ്രതിമാസ കരാർ തുക നികുതി അടക്കം മെററീരിയൽസ്, യന്ത്രസാമഗ്രികൾ, ലേബർ എന്നിവയുടെ തുക (അക്കത്തിലും അക്ഷരത്തിലും) :

ബി) 8 മണിക്കൂർ ജോലി ചെയ്യുന്ന ഒരു തൊഴിലാളിയുടെ നിയമാനുസൃതമായ ആനുകൂല്യങ്ങളും നികുതിയും അടക്കം ഉള്ള പ്രതിമാസ വേതനം (അക്കത്തിലും അക്ഷരത്തിലും) :

സി) 12 മണിക്കൂർ ജോലി ചെയ്യുന്ന ഒരു തൊഴിലാളിയുടെ നിയമാനുസൃതമായ ആനുകൂല്യങ്ങളും നികുതിയും അടക്കം ഉള്ള പ്രതിമാസ വേതനം (അക്കത്തിലും അക്ഷരത്തിലും) :

8) * ക്ളീനിംഗിന് ഉപയോഗിക്കുന്ന സാമഗ്രികൾ, യന്ത്രങ്ങൾ എന്നിവയുടെ വിവരങ്ങൾ :

9) * അവശിഷ്ടങ്ങൾ ശേഖരിച്ച് നിർമ്മാർജനം ചെയ്യാനുദ്ദേശിക്കുന്ന രീതികൾ :

വ്യവസ്ഥകൾ എല്ലാം വായിച്ച് മനസ്സിലാക്കി, അവ പൂർണ്ണമായി പാലിച്ചു കൊള്ളാമെന്ന് സമ്മതിച്ചു കൊള്ളുന്നു.

ഒപ്പ്:

തീയതി: പേര്:

മേൽവിലാസം:

* ആവശ്യമെങ്കിൽ പ്രത്യേകം പേപ്പറിൽ ഈ വിവരങ്ങൾ നൽകാം